


***Development has to mean absorption of the most modern techniques at the most basic levels in our society.***

*Sri.Rajeev Gandhi* (ശ്രീ.രാജീവ് ഗാന്ധി)

**ഏറ്റവും ആധുനിക സാങ്കേതിക വിദ്യയുടെ ഫലം സമൂഹത്തിന്റെ ഏറ്റവും താഴേ തട്ടിൽ എത്തുമ്പോഴേ വികസനമുണ്ടാവൂ** എന്ന് ആ ക്രാന്തദർശി അറിഞ്ഞിരുന്നു. രാഷ്ട്രത്തെ വിവര-വാർത്താവിനിമയ സാങ്കേതിക വിദ്യയുടെ ലോകത്തിലേക്കു കൈ പിടിച്ചുയർത്തിയ ആ ചെറുപ്പക്കാരന് ഒരു സ്വപ്നം ഉണ്ടായിരുന്നു; ഏറ്റവും ആധുനിക സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ എല്ലാ വിഭാഗം ജനങ്ങൾക്കും അനുഭവിക്കാനുള്ള അവസരം ഉണ്ടാക്കണമെന്ന് ! ഈ വാക്കുകളിലും ചിന്തയിലും നിന്ന് ഉത്തേജനം ആർജ്ജിച്ചാണ് ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ നിർമാണത്തിലും, കമ്പ്യൂട്ടർ സോഫ്റ്റ്വെയർ വികസനത്തിലും മാത്രം പ്രവർത്തനം നടത്തി വന്ന ഞങ്ങൾ കമ്പ്യൂട്ടർ വിദ്യാഭ്യാസ രംഗത്തേയ്ക്ക് ശക്തമായി പ്രവർത്തനം വ്യാപിപ്പിച്ചത്.

ആധുനിക സങ്കേതിക മേഖലയിൽ പല കാരണങ്ങളാലും ഗ്രാമീണ ജനതയിൽ വലിയൊരു വിഭാഗത്തിന് ഐറ്റി പരിശീലനം അപ്രാപ്യമാണെന്നും ഈ സ്ഥിതി തുടരാൻ അനുവദിച്ചാൽ ഭയാനകമായ സാമൂഹ്യ അസന്തുലിത വന്നു ചേരുമെന്നും, ഇത് പരിഹരിക്കുന്നതിന് ഗ്രാമീണ സ്ത്രീകളുടെ ഉന്നമനത്തിനായി സർക്കാർ സ്ഥാപിച്ച റുട്രോണിക്സിന് വലിയൊരളവുവരെ കഴിയുമെന്ന് മാത്രമല്ല അതിന് **ചുമതല ഉണ്ടെന്നു**മുള്ള തിരിച്ചറിവിന്റെ ഫലമായാണ്

Contd…..

“തൊഴിൽ അധിഷ്ഠിത കമ്പ്യൂട്ടർ വിദ്യാഭ്യാസം താങ്ങാവുന്ന ചെലവിൽ, ഏവർക്കും”

എന്ന പദ്ധതി റുട്രോണിക്സ് ആവിഷ്കരിച്ചത്.

- കമ്പ്യൂട്ടർ പരിശീലന രംഗത്ത് നിലനിന്നിരുന്ന **നിലവാരമില്ലായ്മക്കും, അരാജകത്വത്തിനും അറുതി** വരുത്തുക എന്നതും ഈ പദ്ധതിയുടെ മുഖ്യ ഉദ്ദേശ്യങ്ങളിലൊന്നായിരുന്നു. ഇതും വളരെ ഒരളവിൽ സാദ്ധ്യമായി എന്നത് റൂട്രോണിക്സിന്റെ വിജയമായി കണക്കാക്കാം.
- പല തലത്തിലുള്ള വിലയിരുത്തലുകൾക്കും, പരിശോധനകൾക്കും ശേഷം റൂട്രോണിക്സിന്റെ കോഴ്സുകൾക്ക് സർക്കാരും, തുടർന്ന് പി.എസ്സ്.സി യും അംഗീകാരം നൽകി ഉത്തരവായിട്ടുണ്ട്.
- സ്വന്തം വീട്ടിൽ നിന്നും പോയി പഠിക്കാൻ വീട്ടിനടുത്ത് പരിശീലന കേന്ദ്രം ഇല്ലാത്തതു കോണ്ടോ, പരിശീലനത്തിനായി കൊടുക്കേണ്ട ഫീസ് താങ്ങാനാവാത്തത് കൊണ്ടോ **ഒരൊറ്റ യുവതിയും (യുവാവും) കമ്പ്യൂട്ടർ വിദ്യാഭ്യാസം നേടാനാവാതെ ആധുനിക ജീവിതത്തിന്റെ മുഖ്യധാരയിൽ നിന്നും പുറന്തള്ളപ്പെട്ടുപോയി, പുരോഗതിയിലേയ്ക്കുള്ള രാജപാതയുടെ തീരത്തുപേക്ഷിക്കപ്പെട്ട നിരാലംബയാകാൻ ഇടവരരുത്** എന്ന ചിന്തയിലൂന്നിയാണ് ഈ പദ്ധതി തയ്യാറാക്കിയതും, നടപ്പിലാക്കിയതും, നടപ്പാക്കുന്നതും.

- ഒരു ഫീസ്സും വാങ്ങാതെ പഠിപ്പിക്കണമെന്നാണ് ഞങ്ങളുടെ ലക്ഷ്യം. ഒരു പക്ഷേ അനതിവിദൂര ഭാവിയിൽ അത് സാദ്ധ്യമായേക്കും. അതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്.
- കേരള സംസ്ഥാന പിറവിയുടെ സുവർണ ജൂബിലി ആഘോഷവേളയിൽ ഉദ്ഘാടനം ചെയ്യപ്പെട്ട ‘**തൊഴിൽ അധിഷ്ഠിത കമ്പ്യൂട്ടർ വിദ്യാഭ്യാസം താങ്ങാവുന്ന ചെലവിൽ, ഏവർക്കും**’ എന്ന പദ്ധതി കമ്പ്യൂട്ടർ വിദ്യാഭ്യാസ മേഖലയിൽ ഒരു സുവർണ അദ്ധ്യായം കൂട്ടി ചേർത്തിരിക്കുകയാണ്. ഈ പദ്ധതി വിജയകരമായി നടപ്പാക്കിയതിലൂടെ മഹത്തായ ഒരു സാമൂഹ്യസേവനം ചെയ്യാൻ കഴിഞ്ഞതിന്റെ നിർവൃതിയിലും സംതൃപ്തിയിലുമാണ് ഞങ്ങൾ.

End